**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം - തിരൂർ നഗരസഭയിൽ സീനിയർ ക്ലർക്കായ ശ്രീ. അരുൺശേഖർ കെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ സമർപ്പിച്ച ഒ.എ(ഇകെഎം) 1582/ 2018 നമ്പർ കേസിൽ 08.08.2018 തീയതിയിലെ വിധിന്യായം - നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ) നം. 126/ 2019/തസ്വഭവ          തീയതി, തിരുവനന്തപുരം, 23.01.2019

പരാമർശം : 1. തിരൂർ നഗരസഭയിൽ സീനിയർ ക്ലർക്കായ ശ്രീ. അരുൺശേഖർ കെ സർക്കാരിൽ സമർപ്പിച്ച 05.07.2018 തീയതിയിലെ നിവേദനം(Annexure A9).

2. ശ്രീ. അരുൺശേഖർ കെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ(ഇകെഎം) 1582/ 2018 നമ്പർ കേസിൽ 08.08.2018 തീയതിയിലുണ്ടായ വിധിന്യായം

3. നഗരകാര്യഡയറക്ടറുടെ 31.10.2018 തീയതിയിലെ ഇ 3-23117/ 18 നമ്പർ കത്ത്.

**ഉത്തരവ്**

കൊച്ചി നഗരസഭയിൽ എൽ.ഡി.ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചു വന്നിരുന്ന ശ്രീ. അരുൺശേഖർ കെ-യ്ക്ക് സീനിയർ ക്ലർക്ക് തസ്തികയിൽ ഉദ്യോഗക്കയറ്റം നൽകി തിരൂർ നഗരസഭയിൽ നിയമിച്ചുകൊണ്ട് നഗരകാര്യഡയറക്ടർ 05.10.2017 ൽ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് കൊച്ചി നഗരസഭയിൽ സ്ഥലംമാറ്റം ആവശ്യപ്പെട്ടുകൊണ്ട് ടിയാൾ 2018 ലെ പൊതുസ്ഥലമാറ്റസമയത്ത് അപേക്ഷ നൽകിയിരുന്നെങ്കിലും ആയത് പരിഗണിക്കാത്തതിനെതിരെ പരാമർശം 1 പ്രകാരം സർക്കാരിൽ നിവേദനം സമർപ്പിച്ചിരുന്നു. പട്ടികജാതി വിഭാഗത്തിൽപ്പെടുന്നയാളും മിശ്രവിവാഹിതനുമായ ടിയാന് സ്ഥലംമാറ്റത്തിന് അർഹതപ്പെട്ട പരിഗണന നൽകി ക്യൂ ലിസ്റ്റ് പ്രകാരമുള്ള കൊച്ചി, മരട്, തൃപ്പൂണിത്തുറ നഗരസഭകളിലേതിലെങ്കിലും സ്ഥലം മാറ്റം നൽകണമെന്ന് അപേക്ഷിച്ചിരുന്നു. കൂടാതെ ഇതേ ആവശ്യമുന്നയിച്ച് ശ്രീ. അരുൺശേഖർ കെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത ഒ.എ(ഇകെഎം) 1582/ 2018 നമ്പർ കേസിൽ 08.08.2018 ൽ ബഹു. ട്രിബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം അപേക്ഷകൻ സർക്കാരിൽ സമർപ്പിച്ച അനക്ഷർ എ 9 നിവേദനം സർക്കാർ പരിശോധിച്ച്, ടിയാനെ നേരിൽക്കേട്ട് 6 ആഴ്ചയ്ക്കുള്ളിൽ തീരുമാനമെടുക്കണമെന്ന് നിർദ്ദേശിച്ചിരുന്നു.

2. ബഹു. ട്രിബ്യൂണലിന്റെ ഉത്തരവിലെ നിർദ്ദേശ പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് അണ്ടർസെക്രട്ടറി 30.10.2018 തീയതിയിൽ ടിയാനെ നേരിൽ കേൾക്കുന്നതിന് തീരുമാനമെടുത്ത് കത്ത് നൽകിയിരുന്നുവെങ്കിലും, ടിയാൾ ഹാജരായിരുന്നില്ല. തുടർന്ന് 15.11.2018 ന് ~~നേരിൽ കേൾക്കുന്നതിന്~~ നേരിൽ കേൾക്കുന്നതിന് ഒരു അവസരം കൂടി നൽകിയിരുന്നുവെങ്കിലും പ്രസ്തുത ദിവസവും ടിയാൾ ഹാജരായിരുന്നില്ല.

3. ശ്രീ. അരുൺശേഖർ കെ സമർപ്പിച്ച നിവേദനത്തിൽ നഗരകാര്യഡയറക്ടറുടെ പരാമർശം 3 ലെ റിപ്പോർട്ട് പ്രകാരം തിരൂർ നഗരസഭയിൽ സീനിയർ ക്ലർക്കായിരുന്ന ശ്രീ. അരുൺശേഖർ കെ, കൊച്ചി, മരട്, തൃപ്പൂണിത്തുറ നഗരസഭകളിലേക്ക് 2018-19 വർഷത്തെ പൊതുസ്ഥലംമാറ്റത്തിനായി അപേക്ഷ സമർപ്പിച്ചിരുന്നതായും ക്യൂ ലിസ്റ്റിലെ മുൻഗണനാക്രമത്തിന്റെയടിസ്ഥാനത്തിൽ 2-ാമത്തെ ഓപ്ഷൻ പ്രകാരമുള്ള മരട് നഗരസഭയിലേക്ക്,01.10.2018 ലെ ഉത്തരവ് പ്രകാരം സ്ഥലംമാറ്റം അനുവദിച്ചിട്ടുള്ളതാണ് എന്നും അറിയിച്ചിരുന്നു.

4. നഗരകാര്യഡയറക്ടറുടെ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ പരിശോധിച്ചതിൽ, അപേക്ഷകൻ സമർപ്പിച്ച 2018-19 വർഷത്തെ പൊതുസ്ഥലംമാറ്റത്തിനായുള്ള അപേക്ഷയിലെ 2-ാമത്തെ ഓപ്ഷൻ പ്രകാരമുള്ള മരട് നഗരസഭയിലേക്ക്, ടിയാന് 01.10.2018 ലെ ഉത്തരവ് പ്രകാരം സ്ഥലംമാറ്റം ലഭിച്ചിട്ടുള്ളതിനാൽ ടിയാന്റെ അനക്ഷർ എ 9 നിവേദനത്തിലെ ആവശ്യം പരിഗണിക്കപ്പെട്ടിട്ടുണ്ട്. ബഹു.ട്രിബ്യൂണൽ ഉത്തരവ് പാലിക്കുന്നതുമായി ബന്ധപ്പെട്ട് അപേക്ഷകനെ നേരിൽ കേൾക്കുന്നതിന് രണ്ട് അവസരങ്ങൾ നൽകിയിട്ടും ഹാജരാകാതിരുന്നതിനാലും നിവേദനത്തിലെ ആവശ്യപ്രകാരമുള്ള സ്ഥലംമാറ്റം നഗരകാര്യഡയറക്ടർ അനുവദിച്ചതിനാലും നിവേദനത്തിലെ ആവശ്യം നിവർത്തിക്കപ്പെട്ടുവെന്ന് കണക്കാക്കി അനക്ഷർ എ 9 നിവേദനത്തിൽ തുടർനടപടികൾ അവസാനിപ്പിച്ച് ഉത്തരവാകുന്നു.

5. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം 2 പ്രകാരമുള്ള നിർദ്ദേശം മേൽപ്രകാരം നടപ്പിലാക്കിയിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**എസ് മോഹൻദാസ്**

അഡിഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

അഡ്വക്കേറ്റ് ജനറൽ, കേരളാ, എറണാകുളം.( ആമുഖ കത്ത് സഹിതം)

ശ്രീ. അരുൺശേഖർ കെ, സീനിയർക്ലർക്ക്,മരട് നഗരസഭ
(നഗരകാര്യ ഡയറക്ടർ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ